പതിന്നാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം **5335** 26/03/2018 ൽ മറുപടിക്ക്

# റവന്യൂ ജീവനക്കാർക്കുള്ള സർവ്വേ പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വിൻസെന്റ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭൂസർവ്വേയ്ക്ക് നിലവിൽ ഉപയോഗിയ്ക്കാത്തതും കാലഹരണപ്പെട്ടതുമായ തിലോഡലൈറ്റ് മെഷീൻ ഉപയോഗിച്ചാണ് റവന്യൂ ജീവനക്കാർക്ക് വേണ്ടി നടത്തുന്ന ഹയർ സർവ്വേ പരിശീലനത്തിന് പഠിപ്പിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) രണ്ട് മാസം ശമ്പളത്തോടുകൂടെ നൽകുന്ന ഈ സർവ്വേ പരിശീലനം കൊണ്ട് റവന്യൂ ജീവനക്കാർക്കുള്ള പ്രയോജനം അറിയിക്കുമോ ; | (എ) & (ബി) റവന്യൂ വകുപ്പിൽ നിലവിലുള്ള സർവ്വേ റിക്കാർഡുകളിൽ ഭൂരിഭാഗവും തിയോഡോലൈറ്റ് സർവ്വേയിലൂടെ തയ്യാറാക്കിയിരിക്കുന്നതിനാൽ തിയോഡോലൈറ്റ് സർവ്വെയിലുള്ള പരിശീലനം റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അനിവാര്യമാണ്. സർക്കാർ ഭൂമിയിലുള്ള അനധികൃത കയ്യേറ്റം പരിശോധിക്കുന്നതിനും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും ചുമതലപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർക്ക് ഹയർ സർവ്വേ പരിശീലനം ആവശ്യമാണ്. കൂടാതെ ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസീൽദാർ തസ്തികയുടെ നിരീക്ഷണ കാലയളവിനുള്ളിൽ വകുപ്പുതലത്തിൽ ഹയർ സർവ്വേ പരിശീലനം നിർബന്ധിതവും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായും നൽകുന്നതിന് സ്പെഷ്യൽ റൂൾസ് ഫോർ കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) പ്രതിവർഷം എത്ര പേർക്കാണ് ഇപ്രകാരം ട്രെയിനിംഗ് നൽകുന്നത്; ആയതിന് സർക്കാരിനുണ്ടാകുന്ന ശമ്പളയിനത്തിലുള്ള ചെലവ് എത്രയാണ് ; | (സി) 2017 ൽ 318 ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് എന്നീ പരിശീലന കേന്ദ്രങ്ങളിലായി ഓരോ കേന്ദ്രത്തിലായി പരമാവധി 40 പേർ വീതം ഒരു വർഷം പരമാവധി 6 ബാച്ചുകളായി പരിശീലനം നൽകുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ പരിശീലനകേന്ദ്രത്തിലും ഓരോ ഹെഡ് സർവ്വെയർമാരുടെയും മൂന്ന് ചെയിൻമാൻമാരുടെയും സേവനം വിനിയോഗിച്ചു വരുന്നു. ഇവരുടെ പ്രതിമാസ ശമ്പളം ഹയർ സർവ്വേ പരിശീലനത്തിന്റെ ചെലവിനത്തിൽ വിനിയോഗിച്ചു വരുന്നു. |

(ഡി) ഇപ്രകാരം ട്രെയിനിംഗ് ലഭിച്ച ഏതെങ്കിലും റവന്യൂ ഉദ്യോഗസ്ഥൻ സർവ്വേ ജോലികൾ ചെയ്യുന്നുണ്ടോ ;

(ഡി) ഉണ്ട്. വില്ലേജ് അസിസ്റ്റന്റ്/ക്ലാർക്ക് മുതൽ മുകളിലേക്കുള്ള തട്ടുകളിൽ ജോലി ചെയ്യുന്നവർക്ക് സർവ്വേ പരിശീലനം അത്യന്താപേക്ഷിതമാണ്.

(ഇ) നിലവിൽ ഭൂസർവ്വേയ്ക്ക് ഉപയോഗിക്കുന്ന ആധുനിക രീതിയിലുള്ള ടോട്ടൽ സ്റ്റേഷൻ എന്ന മെഷീൻ ഉപയോഗിച്ച് ഒരു പരിശീലനം മാത്രം നൽകാൻ നടപടി സ്വീകരിക്കുമോ; റവന്യൂ ജീവനക്കാർക്ക് പ്രസ്തുത പരിശീലനത്തിന് പരീക്ഷ നിർബന്ധമാക്കേണ്ട ആവശ്യകത വ്യക്തമാക്കാമോ ?

(ഇ) 24/03/2015 ലെ സ.ഉ.(പി)നമ്പർ 123/2015/റവന്യൂ പ്രകാരം സർവ്വേ പരിശീലനത്തിൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സർവ്വേ പഠനവും ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. DILRMP പദ്ധതിയിൽ ഉൾപ്പെടുത്തി റവന്യൂ ഓഫീസർമാർക്ക് ഒരാഴ്ച കാലയളവ് ദൈർഘ്യമുള്ള, ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ചുള്ള സർവ്വേ പരിശീലനം നൽകി വരുന്നു. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ്, ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസീൽദാർ എന്നീ തസ്തികകളിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിക്കുന്നതിന് യഥാക്രമം ചെയിൻ സർവ്വേ, ഹയർ സർവ്വേ എന്നിവ വിജയിക്കണമെന്ന് സ്പെഷ്യൽ റൂൾസ് ഫോർ കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ്, സ്പെഷ്യൽ റൂൾസ് ഫോർ കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസ് എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ